വിവിധ ചെറുകിട ഉല്പന്നങ്ങൾ ഉപഭോക്താക്കൾക്ക് നേരിട്ട് വില്പന നടത്തുന്നതുകൊണ്ട് ഇവയുടെ പ്രാദേശിക വിപണി വികസിക്കുന്നു. കൂടാതെ വിവിധ തദ്ദേശീയ പ്രാദേശീയ വിശേഷങ്ങളോടനുബന്ധിച്ച് സംസ്ഥാനത്തിനകത്തും പുറത്തും സംഘടിപ്പിക്കപ്പെടുന്ന വിവിധ പ്രദർശന മേളകളിൽ ചെറുകിട യൂണിറ്റുകൾക്ക് ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും അതുവഴി അവയുടെ വിപണന സാദ്ധ്യത വികസിപ്പിക്കുന്നതിനും സഹായിക്കുന്നു.

(എഫ്&ജി) മുകളിൽ പറഞ്ഞ രീതിയിലുള്ള പദ്ധതി കോഴിക്കോട്, തിരുവനന്തപുരം, കൊല്ലം, കോർപ്പറേഷൻ പ്രദേശങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് വിവിധ ജില്ലകളിൽ നടപ്പാക്കുന്നതിന് സിഡ്കോ നടപടികൾ എടുത്തുവരുന്നു.

പീഡിത വ്യവസായങ്ങളുടെ പുനഃസംഘടനയ്ക്കും തൊഴിലാളികളുടെ പുനരധിവാസത്തിനുംവേണ്ടി സ്ഥിരം സംവിധാനം

129 (257) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീഡിതവ്യവസായങ്ങളുടെ പുനഃസംഘടനയ്ക്കും തൊഴിലാളികളുടെ പുനരധിവാസത്തിനുംവേണ്ടി സ്ഥിരം സംവിധാനമുണ്ടാക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ കൈക്കൊണ്ടു ;

(സി) ഇതിനാവശ്യമായ ഫണ്ട് എപ്രകാരം കണ്ടെത്താനുദ്ദേശിക്കുന്നു ;

(ഡി) പൂട്ടിക്കിടക്കുന്ന വ്യവസായങ്ങളിലെ തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി ?

ഉത്തരം

(എ&ബി) പീഡിത വ്യവസായങ്ങൾ സംബന്ധിച്ച് കേന്ദ്ര നിയമമായ സിക്ക് ഇൻഡസ്ട്രിയൽ കമ്പനീസ് ആക്ട് ഇപ്പോൾ നിലവിലുണ്ട്. സംസ്ഥാനതല സംവിധാനം ഉദ്ദേശിച്ചിട്ടില്ല. സംസ്ഥാന പൊതു മേഖലയ്ക്കായി പബ്ലിക്സെക്ടർ റീ സ്ട്രക്ചറിന് ഇന്റേണൽ ആഡിറ്റ് ബോർഡ് സ്ഥാപിച്ചിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് സഹായിക്കാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രത്യേക ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(സി) പുതിയ സംവിധാനം ഉദ്ദേശിക്കാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വ്യവസായത്തൊഴിലാളികൾക്ക് ക്ഷാമബത്ത പുനർനിർണ്ണയം

130 (1396) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരളത്തിലെ വ്യവസായ തൊഴിലാളികൾക്ക് 1972-ലെ കുടുംബ ബഡ്ജറ്റ് സർവ്വേയുടെ അടിസ്ഥാനത്തിലാണ് ഇപ്പോഴും ക്ഷാമബത്ത നൽകുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ 10 വർഷം കൂടുമ്പോഴും കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തി വ്യവസായ തൊഴിലാളികളുടെ ക്ഷാമബത്ത പുനർ നിർണ്ണയം ചെയ്യണമെന്ന നിബന്ധന നിലവിലുണ്ടോ ;

(സി) എങ്കിൽ ഏറ്റവും അവസാനം കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിയത് ഏതു വർഷമാണെന്നും, പ്രസ്തുത സർവ്വേയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ ;

(ഡി) ഏറ്റവും അവസാനം നടത്തിയ കുടുംബ ബഡ്ജറ്റ് സർവ്വേയുടെ റിപ്പോർട്ട് സമർപ്പിക്കുവാൻ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് കോടതി ആവശ്യപ്പെട്ടിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത കോടതി ഉത്തരവനുസരിച്ച് ഡയറക്ടർ ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(എഫ്) കുടുംബ ബഡ്ജറ്റ് സർവ്വേ റിപ്പോർട്ട് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആറു മാസത്തിനകം ലഭ്യമാക്കാനും പുതിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യവസായ തൊഴിലാളികൾക്ക് ക്ഷാമബത്ത നൽകുവാനും സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) 1998-99 വർഷത്തിലാണ് അവസാനമായി കുടുംബ ബഡ്ജറ്റ് സർവ്വേ നടത്തിയത്. പ്രസ്തുത സർവ്വേയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്.

(എഫ്) കോടതി നിർദ്ദേശിച്ചിരിക്കുന്ന സമയപരിധിക്കുള്ളിൽതന്നെ ക്ഷാമബത്ത പുതുക്കുന്നതിന് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വ്യാവസായിക വളർച്ചാ നിരക്ക്

131 (1397) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly